# എടപ്പാൾ ഗ്രാമപഞ്ചായത്ത്

**ഒന്നാം വാർഡ് തുയ്യം (നോർത്ത്)**

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.**

**( 2018-2019സാമ്പത്തികവർഷത്തിൽ 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 11 വരെ നടന്നിട്ടുള്ള പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ്റിപ്പോർട്ട് – കരട്)**

**തയ്യാറാക്കിയത് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലാ യൂണിറ്റ്/പൊന്നാനി ബ്ലോക്ക്**

**സമർപ്പണം: ഒന്നാം വാർഡ് ഗ്രാമസഭ മുമ്പാകെ.**

തൊഴിലുറപ്പ് പദ്ധതിയില്      ആറുമാസത്തിലൊരിക്കൽ നടന്നിരിക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി വട്ടംകുളം ഗ്രാമ പഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽ നടത്തിയ 2018-19 വർഷത്തിലെ ഒക്ടോബർ ഒന്നുമുതൽ  മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി  ഗ്രാമസഭയുടെ മുമ്പിൽ സമർപ്പിക്കുന്നു.

## ആമുഖം

ഭാരതത്തിലെ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുനതിനു വേണ്ടി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെപ്തംബര് 5 നു പാര് ലമെന് റ് പാസ്സാക്കി.നിയമത്തിന്റെ പിന് ബലമുള്ള അവകാശധിശാധിഷ്ട്ടിത പദ്ധതിയാണിത്.സ്ത്രീക്കും പുരുഷനും തുല്യ വേതനംഉറപ്പു വരുതുന്നതിനോടൊപ്പം ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും 100 ദിവസത്തെ വേതനതോട് കൂടിയ അവിദഗ് ധ കായിക തൊഴില് ഈ നിയമം ഉറപ്പു വരുത്തുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽപ്പെട്ട എടപ്പാൾ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡ് തുയ്യം നോർത്ത് സോഷ്യൽ ഓഡിറ്റ് പ്രക്രിയക്കായി തെരഞ്ഞെടുത്തത് വാർഡ് പൊതുവെ ജനവാസകേന്ദ്രങ്ങളായ നിരപ്പാർന്ന പ്രദേശങ്ങളും ചെറു ജല സോത്രസ്സുകളും ചെറിയൊരു ഭാഗം കായലും വയലും നിറഞ്ഞതാണ് . വാർഡിൽ 1 ആംഗനവാടികളും ഒരു ഗവൺമെൻറ് യു. പി സ്ക്കുൾ,1 പ്രാഥമികാരോഗ്യകേന്ദ്രം എന്നി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പച്ചകറി , തെങ്ങ് ,നെല്ല് എന്നിവ ചെറിയ അളവിൽ ഉൽപാദിപ്പിക്കുന്നുണ്ട്

## രീതി ശാസ്ത്രം

എടപ്പാൾ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായി ഒക്ടോബർ 6 വരെയാണ് തുയ്യംനോർത്ത് വാർഡിൽ സോഷ്യൽ ഓഡിറ്റിന് റെ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനയും നടക്കുന്നത് 2018 ഒക്ടോബർ ഒന്നിനുശേഷം നടത്തിയിട്ടുള്ള പ്രവൃത്തികൾ മാത്രമാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിരിക്കുന്നത്. എടപ്പാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി , പ്രസിഡൻറ്, വാർഡ് മെമ്പർ വിജി എന്നിവരെല്ലാം തന്നെ സോഷ്യൽ ഓഡിറ്റ് പ്രവർത്തിക്ക് വളെരയധികം സഹായകരമായ നിലപാടാണ് സ്വീകരിച്ചത്

## തൊഴിലുറപ്പ്നിയമം തൊഴിലാളികൾക്ക് ഉറപ്പ്നൽകുന്ന പത്ത് അവകാശങ്ങൾ

1. തൊഴിൽകാർഡിനു അപേക്ഷിക്കുവാൻ ഉള്ള അവകാശം
2. അപേക്ഷിച്ച്15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് റസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ് പ്രോജകറ്റ് തയ്യാറാക്കുവാനുള്ള അവകാശം.
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ള അവകാശം
6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേതനംലഭിക്കുന്നതിനുള്ള അവകാശം.
8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

## എടപ്പാള്‍ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാര്‍ഡിലെ തൊഴിലുറപ്പ് പദ്ധതി

വാര്‍ഡില്‍ ആകെ 189 പേര്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട് , വാര്‍ഡില്‍ ആകെ 45 തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിയില്‍ ജോലി ചെയ്തിരുന്നത് . നിലവില്‍ 33 സജീവ തൊഴിലാളികള്‍ മാത്രമാണുള്ളത് ,കഴിഞ്ഞവര്‍ഷങ്ങളില്‍ മിക്കതൊഴിലാളികള്‍ക്കും 100 തൊഴില്‍ദിനങ്ങള്‍ ഇവിടെ ലഭിച്ചിരിക്കുന്നത്. ഈ വാര്‍ഡില്‍ കഴിഞ്ഞ ആറ് മാസത്തിനുള്ളില്‍ നടപ്പിലാക്കിയിട്ടുള്ള 5പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങള്‍ പട്ടികയില്‍ ചേര്‍ത്തിരിക്കുന്നു**.**

## പദ്ധതിയുടെ നടത്തിപ്പ് തല സംവിധാനങ്ങള്‍

തൊഴിലുറപ്പ് പ്രവര്‍ത്തനങ്ങള്‍ നടപ്പിലാക്കുന്നതിനായി വാര്‍ഡ് തലത്തിലുള്ള തൊഴിലാളികളും മേറ്റുമാരും കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഓഫീസിലെ തൊഴിലുറപ്പു വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രെഡിറ്റഡ് എഞ്ചിനീയറും (സുധീപ് ) ഓവര്‍സിയറും (ഗീത ) രണ്ട് ഡി.ഇ.ഒ /അക്കൗണ്ടന്റുമാരും (ഷിജി,നിഷ) ഇതുകൂടാതെ വാര്‍ഡ് തലത്തില്‍ പ്രവര്‍ത്തനങ്ങളുടെ മേല്‍നോട്ടം വഹിക്കുന്നതിനായി വാര്‍ഡ് മെമ്പര്‍ വിജി വാര്‍ഡിലെ 7 അംഗങ്ങളുള്ള വിജിലന്‍സ് ആന്‍ഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങള്‍ എന്നിവരുമുണ്ട്**.**

## പ്രവൃത്തിയെ സംബന്ധിച്ച വിവരങ്ങള്‍

**1.**ആട്ടിന്‍കൂട് നിര്‍മ്മാണം ഗിരിജ എരകത്ത് **( IF/378342)**

**2.**ആട്ടിന്‍കൂട് നിര്‍മ്മാണം സുനിത തൈക്കൂട്ടത്തില്‍ **(IF/374900)**

**3.** ആട്ടിന്‍കൂട് നിര്‍മ്മാണം കാര്‍ത്ത്യായനി പട്ടരുതൊടിയില്‍ **(IF/375869)**

**4.**തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കല്‍ **(LD/234159)**

**5.**തൊഴിലുറപ്പ് തൊഴിലാളികളുടെ കൃഷിക്ക് നിലമൊരുക്കല്‍ **(LD/320359)**

## 7 രജിസ്ററ് പരിശോധന സംബന്ധിച്ച്.

- തൊഴില്‍ കാര്‍ ഡ് രജിസ്ററില്‍ 2018- 2019 സാമ്പത്തിക വര്‍ഷം വരെ തൊഴിലിനു അപേക്ഷിച്ചവരുടെ വിവരങ്ങള്‍ രേഖപ്പെടുത്തിയിട്ടുണ്ട്.
- .തൊഴില്‍ കാര്‍ ഡ് വിതരണ രജിസ്ററ് പരിശോധിച്ചപ്പോള്‍ 2018-ല്‍ 62 പേര്‍ ക്ക് തൊഴില്‍ കാര്‍ ഡ് നല്‍ കിയതായി കാണാന്‍ കഴിഞ്ഞു. .
- തൊഴില്‍ ആവശ്യപ്പെട്ടതും തൊഴില്‍ അനുവദിച്ച വിവരങ്ങളും തൊഴില്‍ രജിസ്ററില്‍ രേഖപ്പെടുത്തിയിട്ടുണ്ട്.

- പരാതി രജിസ്ററില്   2018-19 സാമ്പത്തിക വര്   ഷത്തില്    ഒരു പരാതിയും അതിനു പഞ്ചായത്തില്   നിന്നും നല്   കിയ മറുപടിയും രേഖപ്പെടുത്തിയിട്ടുണ്ട്.
- മെറ്റീരിയല്   രജിസ്ററില്   2018-19 സാമ്പത്തിക വര്   ഷത്തെ വാര്   ഡിൽ ചെയ്ത 5 മെറ്റീരിയല്   പ്രവര്   ത്തികളുടെ  സാധന ഘടകങ്ങളുടെ വിവരങ്ങള്   രേഖപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലുറപ്പ് വിഭാഗത്തിനായി പ്രത്യേകം ഗ്രാമസഭ രെജിസ്ററെ്   സൂക്ഷിച്ചിട്ടുണ്ട്.തൊഴിലുറപ്പ് ഗ്രാമസഭകളുടെ വിവരങ്ങള്   പഞ്ചായത്തിലെ ഗ്രാമസഭ രെജിസ്ററെരിലും  എഴുതി സൂക്ഷിയ്ക്കാറുണ്ട് .

## ❖ വര്   ക്ക് ഫയലുകള്

**5** പ്രവര്   ത്തികളുടെ  വര്   ക്ക് ഫയല്   പരിശോധിച്ചപ്പോള്   , Annual Master Circular അദ്ധ്യായം -7 പ്രകാരം ഒരു വര്   ക്ക് ഫയലില്   ഉണ്ടായിരിക്കേണ്ട 22 – രേഖകളില്   ഓരോ  പ്രവര്   ത്തികളിലും 9 ,9,10,11,12  രേഖകള്   കാണാന്   കഴിഞ്ഞു.

ഫയലില്   ലഭ്യമല്ലാത്ത രേഖകള്

ചെക്ക് ലിസ്റ്റ്,ആക്ഷന്   പ്ലാന്   ,തൊഴിലിനുള്ള അപേക്ഷടെണ്ടര്   അംഗീകരിച്ചു കൊണ്ടുള്ള ഭരണ സമിതി തീരുമാനത്തിന്റെ വിവരങ്ങള്   ,,റോയല്   റ്റി, ജിയോ ടാഗുള്ള ഫോട്ടോകള്   , സോഷ്യല് ഓഡിറ്റ് റിപ്പോര്   ട്ടിന്   റെ കോപ്പി,സൈറ്റ് ഡയറി

**കവര്   പേജ്.**

- പരിശോധിച്ച 5  ഫയലുകളിലും കവര്   പേജിലെ വിവരങ്ങള്   കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.
- കവര്   പേജില്   വര്   ക്കിന്റെ പേര് ,വര്   ക്ക് കോഡ്,പഞ്ചായത്ത്,പ്രവൃത്തി സ്ഥലം,പ്രവൃത്തി ആരംഭിച്ച തീയതി,അവസാനിച്ച തീയതി ,അടങ്കല്   തുക,  ,ഓവറ്സീയറുടെ ഒപ്പ് , എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- എന്നാല്   ,പ്രവൃത്തിയുടെ വിഭാഗം,ജിയോ ടാഗ് സംബന്ധിച്ച ര്വിവരങ്ങള്   സോഷ്യല് ഓഡിറ്റ് വിവരങ്ങള്   എന്നിവ കാണുവാന്   സാധിച്ചില്ല.

**ചെക്ക് ലിസ്റ്റ്**

- പരിശോധിച്ച  5 ഫയലുകളില്   ഒന്നും തന്നെ ചെക്ക് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

**ആക്ഷന്   പ്ലാന്   കോപ്പി**

- പരിശോധിച്ച  5 ഫയലുകളില്   ഒന്നും തന്നെ ആക്ഷന്   പ്ലാനിന്റെ കോപ്പി  സൂക്ഷിച്ചിട്ടില്ല.

**എസ്റിമേറ്റ്**

- പരിശോധിച്ച 5 ഫയലുകളിലും എസ്റിമേറ്റ്  കോപ്പി ഉള്   പ്പെടുത്തിയതായി കാണുവാന് സാധിച്ചു.
- അബ്സ്ട്രക്റ്റ് ഓഫ് എസ്റിമേറ്റ് ,വിശദമായ എസ്റിമേറ്റ് എന്നിവ എല്ലാ ഫയലുകളിലും ഉള്   പ്പെടുത്തിയിട്ടുണ്ട്.

- വർക്ക് എസ്റ്റിമേറ്റിൽ എ ഇ ഒ,ഓവർസീയർ,എന്നിവരുടെ ഒപ്പ്,സീൽഎന്നിവയുണ്ട് എന്നാൽ മേറ്റ്മാരുടെ ഒപ്പുകൾ കാണാൻ സാധിച്ചിട്ടില്ല

**സാങ്കേതിക അനുമതി**

- പരിശോധിച്ച 5 ഫയലുകളിലും സാങ്കേതിക അനുമതിയുടെ കോപ്പി ഉള്‍പ്പെടുത്തിയിട്ടുണ്ട്
- ഭരണാനുമതി നമ്പർ,തിയ്യതി,എസ്റ്റിമേറ്റ്തുക,തൊളിലാളിസാധനഘടകങ്ങൾ,എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്
- എ ഇ ,ഓവര്‍സീയര്‍ എന്നിവ ഒപ്പ്,സീല്‍ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാല്‍ തീയതി രേഖപ്പെടുത്തിയിട്ടില്ല.

**ഭരണാനുമതി**

- പരിശോധിച്ച ഫയലുകളിലെല്ലാം ഭരണാനുമതിയുടെ പകര്‍പ്പ് സൂക്ഷിച്ചിട്ടുണ്ട്..
- ഇതില്‍ ഭരണാനുമതി നമ്പര്‍ ,തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- പഞ്ചായത്ത് സെക്രട്ടറി ഒപ്പ് ,സീല്‍ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

**മസ്ടര്‍ റോൾ**

- പരിശോധിച്ച 5 ഫയലുകളിലും അവിദഗ്ധ,-വിദഗ്ധ തൊഴിലാളികളുടെ മസ്ടര്‍ റോളുകള്‍ സൂക്ഷിച്ചിട്ടുണ്ട്.
- 5 ഫയലുകളിൽ ബി.പി.ഒ .സെക്രട്ടറി , മസ്റ്റർ റോൾ പരിശോധിച്ച് ഒപ്പ് ,സീൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്
- ബിഡിഒ,സെക്രട്ടറി,മസ്ടര്‍ റോള്‍ പരിശോധിച്ച ഉദ്യോഗസ്ഥന്‍ , എന്നിവരുടെ ഒപ്പ് ,സീല്‍ എന്നിവ ഉള്‍പ്പെടുത്തിയിട്ടുണ്ട്.
- മസ്ടര്‍ റോളിൽ എം ബുക്ക് നമ്പര്‍ ,പ്രവര്‍ത്തി ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്
- തൊ ഴിലാളികളുടെ ഹാജര്‍ വിവരങ്ങള്‍ ,ഒപ്പ്,ഒരു ദിവസത്തെ വേതനം,ആകെ വേതനം, ആയുധങ്ങള്‍ മൂര്‍ച്ച കൂട്ടുന്നതിനുള്ള വാടക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- സെക്രട്ടറി,ബി ഡി ഒ എന്നിവര്‍ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല.

**വേജ് ലിസ്റ്റ്**

- ഫയലുകളില്‍ എംഐഎസ് ഇല്‍ നിന്നും ഉള്ള വേജ് ലിസ്റ്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്.
- അവിദഗ്ധ,വിദഗ്ദ്ധ/അര്‍ദ്ധ വിദഗ്ദ തൊഴിലാളികളുടെ വേജ് ലിസ്റ്റുകള്‍ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

**എഫ്.ടി.ഒ**

- പരിശോധിച്ച 2 ഫയലുകളിൽ തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ, തൊഴിലുറപ്പ് തൊഴിലാളികളുടെ കൃഷിയിടം ഒരുക്കൽ , പദ്ധതിക്ക് എഫ്.ടി.ഒ വച്ചിട്ടുണ്ട് .

**ഡിമാന് ഡ് ഫോം**

എടപ്പാൾ ഗ്രാമ പഞ്ചായത്തില് പരിശോധിച്ച 5 ഫയലുകളിൽ ഒന്നിലും തൊഴിൽ ആവിശ്യപ്പെട്ട തൊഴിൽ അപേക്ഷ സൂക്ഷിച്ചിട്ടില്ല

**വര് ക്ക് അലൊക്കേഷന് ഫോം**

പരിശോധിച്ച 5 ഫയലുകളില് തൊഴിലാളികളുടെ തൊഴിലിനുള്ള അപേക്ഷ പൂരിപ്പിക്കാതെയാണ് ഫോം ഉള് പ്പെടുത്തിയിട്ടുള്ളത്

**മസ്റര് റോള് മൂവ്മെന്റ് സ്ലിപ്**

- പരിശോധിച്ച 5 ഫയലുകളും മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ് പൂരിപ്പിക്കാതെയാണ് ഉൾപ്പെടുത്തിയത്.

**മെറ്റീരിയല് സംബന്ധിച്ച വിവരങ്ങള്**

- ആട്ടിൻ കൂട് നിർമ്മാണ ത്തിന് എല്ലാം മെറ്റീരിയൽ ബില്ല് സൂക്ഷിച്ചിട്ടുണ്ട്

**സംയോജിത പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങള്**

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ സംയോജിത പദ്ധതിയെ സൂച്ചിപ്പിക്കുന്ന തരത്തിലുള്ള രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല

**പ്രവൃത്തി പൂര് ത്തീകരണ സാക്ഷ്യപത്രം**

- പരിശോധിച്ച ഫയലുകളില് ഒന്നും തന്നെ പ്രവര് ത്തി പൂര് ത്തീകരണ സാക്ഷ്യ പത്രം ഉള് പ്പെടുത്തിയിട്ടില്ല.

**എം ബുക്ക്**

- പരിശോധിച്ച ഫയലുകളില് എല്ലാം തന്നെ എം ബുക്ക് ഉള് പ്പെടുത്തിയിട്ടുണ്ട്.
- എം ബുക്കില് പ്രവൃത്തിയുടെ പേര്,എം ബുക്ക് നമ്പര് ,പേജ് നമ്പര് ,ഓവര് സീയര് ,അക്രെഡിറ്റ് എന് ജിനീയര് എന്നിവരുടെ ഒപ്പ്,സീല് ,തീയതി എനിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്ക് സെക്രെട്ടറി സര് ട്ടിഫൈ ചെയ്തു ഒപ്പ്, സീല് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രവർത്തിയുടെ പേര് , കോഡ് , എസ്റ്റിമേറ്റ് തുക , യഥാർത്ഥ ചിലവ് എന്നിവ 1എം.ബുക്കിൽ ഒഴികേ മറ്റു 4 എം .ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**ഫോട്ടോഗ്രാഫ്**

- പരിശോധിച്ച 5 ഫയലുകളിൽ ഫോട്ടോഗ്രാഫ് സൂക്ഷിച്ചിട്ടില്ല

**ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്**

- പരിശോധിച്ച ഫയലുകളിലോന്നും തന്നെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ് ഉള്‍ പ്പെടുത്തിയിട്ടില്ല.

**സൈറ്റ് ഡയറി**

- പരിശോധിച്ച ഫയലുകളിൽ 1 ൽ മാത്രമാണ് സൈറ്റ് ഡയറി ഉള്‍ പ്പെടുത്തിയിട്ടുള്ളത്.

**കണ്ടെത്തലുകള്‍**

- പരിശോധിച്ച 5 ഫയലുകളില്‍ എ എം സി പ്രകാരമുള്ള കവർ പേജ്,സാങ്കേതിക അനുമതി,ഭരണ അനുമതി,എസ്റിമേറ്റ്,മസ്ടര്‍ റോള്,വേജ് ലിസ്റ്റ്, എം ബുക്ക് എന്നീ രേഖകൾ കാണുവാന് സാധിച്ചു.
- തൊഴിലുറപ്പ് തൊഴിലാളികളുടെ കൃഷിക്ക് നിലമൊരുക്കൽ എന്ന പദ്ധതിയിൽ കവർ പേജ് , ടി. എസ്, അഡ്മിനിസ്ട്രഷൻ സാൻഷൻ, എസ്റ്റിമേറ്റ് , എഫ്.ടി.ഒ മസ്റ്റർ റോൾ, വേജ് ലിസ്റ്റ് എന്നിവ ഉൾകൊള്ളിച്ചിട്ടുണ്ട്.
- ജിയോ ടാഗ് ഫോട്ടോഗ്രാഫ്, റോയൽറ്റി ,ടെൻഡർ അംഗീകരിച്ചു കൊണ്ടുള്ള ഭരണ സമിതി റിപ്പോർട്ട് ഒന്നിനും ഉൾക്കൊള്ളിച്ചിട്ടില്ല
- പ്രവർത്തിയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ജനകീയ എസ്റ്റിമേറ്റ് എല്ലാ ഫയലുകളിലും സൂക്ഷിച്ചിരിക്കുന്നു
- അഞ്ച് പ്രവർത്തിഫയലുകളിൽ CIB കാണാൻ സാധിച്ചു
- സിറ്റിസന് ഇന് ഫോര് മേഷന് ബോര് ഡിന്റെ ബില്ല് ഫയലുകളില്‍ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.
- പരിശോധിച്ച ഫയലുകളില്‍ ഒന്നിൽ മാത്രമാണ് സൈറ്റ് ഡയറി ഉള്‍ പ്പെടുത്തിയിട്ടുള്ളത്. അതിനാല്‍ തന്നെ പ്രവൃത്തി സ്ഥല സൌകര്യങ്ങള്‍ ,സന്ദര്‍ ശകരുടെ വിവരങ്ങള്‍ ,വിജിലെന് സ് ആന് ഡ് മോനിടരിംഗ് കമ്മിറ്റി അംഗങ്ങളുടെ വിവരങ്ങള്‍ ഇവയൊന്നും തന്നെ വര്‍ ക്ക് ഫയലില്‍ നിന്ന് ലഭ്യമായിട്ടില്ല.

## CIB യെ കുറിച്ചുള്ള വിവരങ്ങള്‍

- പദ്ധതിയുടെ നടത്തിപ്പിന് റെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി തൊഴിലുറപ്പില്‍ സ്ഥാപിക്കാറുള്ള സിറ്റിസണ്‍ ഇന് ഫര്‍ മേഷന് ബോര്‍ ഡ് ആട്ടിൻ കൂട് നിർമ്മാണത്തിന് (ഗിരിജ എരകത്ത് (IF/378342), സുനിത തൈക്കൂട്ടത്തിൽ (IF/374900), കാർത്ത്യായനി പട്ടരുതൊടിയിൽ (IF/375869)
  മാത്രം കാണാൻ സാധിച്ചു .
  അടങ്കൽ തുക- 24380

സാധനഘടകം 19753
വേതനഘടകം 46277
തൊഴിൽ ദിനങ്ങൾ 5

- തൊഴിലുറപ്പ് തൊഴിലാളികളുടെ കൃഷിക്ക് നിലമൊരുക്കൽ(LD/320359)തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ(LD/234159)തുടങ്ങിയ പ്രവർത്തി നടന്ന സ്ഥലത്ത് സിറ്റിസണ് ഇന് ഫര് മേഷന് ബോര് ഡ് കാണാൻ സാധിച്ചില്ല

- **അവകാശ നിഷേധങ്ങള്**

❖ തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

പ്രവർത്തി സ്ഥലത്ത് അപ്രതീക്ഷിതമായി എന്തെങ്കിലും അപകടങ്ങൾ ഉണ്ടായാൽ പ്രഥമ ശുശ്രൂഷ നൽകാൻ ഉള്ള സംവിധാനമായ ഫസ്റ്റ് എയ്ഡ് ബോക്സ് പ്രവര് ത്തി സ്ഥലത്ത് കാണാൻ കഴിഞ്ഞില്ല.

രണ്ടു വര് ഷത്തോളമായി പ്രവര് ത്തി സ്ഥലത്ത് പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ മരുന്നുകള് ലഭ്യമായിട്ടില്ല എന്നാണ് തൊഴിലാളികളില് നിന്നും അറിയാന് സാധിച്ചു

വേനല് ക്കാലത്ത് തണല് നല് കുന്നതിനുള്ള ടാര് പ്പോളിന് ഷീറ്റ്,മണ്ണിലും ചെളിയിലും പണിയെടുക്കുന്നതിനു ആവശ്യമായ ബൂട്സ് ,ഗ്ലൌസ് എന്നിവയും ലഭ്യമായിട്ടില്ല.

തൊഴിൽ ചെയ്തിട്ട് 15 ദിവസം കഴിഞ്ഞിട്ടും കൂലി ലഭിക്കുന്നില്ല

വൃത്തിഹീനമായ സാഹചര്യങ്ങളില് ഉപയോഗിയ്ക്കാന് ആവശ്യമായ സുരക്ഷാ ഉപകരണങ്ങള് ക്ക് പല തവണ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അപേക്ഷിച്ചിരുന്നെന്കിലും ഇതുവരെയും ഒരു തരത്തിലുള്ള നടപടികളും സ്വീകരിച്ചിട്ടില്ലെന്ന് തൊഴിലാളികള് അഭിപ്രായപ്പെട്ടു.

തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂള് 2, അദ്ധ്യായം 23, വാര് ഷിക മാസ്റ്റര് സര് ക്കുലറിലെ അധ്യായം 8-8.2 പ്രകാരം പ്രവര് ത്തി .സ്ഥലത്ത് വേണ്ടതായ അടിസ്ഥാന സൗകര്യങ്ങളായ പ്രഥമ ശുശ്രൂഷ കിറ്റ്,കുടിവെള്ളം,തണല് സൗകര്യം,സുരക്ഷാ ഉപകരണങ്ങള് എന്നിവ ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ (പഞ്ചായത്ത്)ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഈ നിയമത്തിന് റെ ലംഘനമാണ് ഇത് സൂചിപ്പിക്കുന്നത്.

## വിജിലന് സ് & മോണിറ്ററിംഗ് കമ്മറ്റി

വാര് ഡില് ഏഴു അംഗങ്ങള് ഉള് പ്പെടുന്ന ഒരു വിജിലന് സ് ആന് ഡ് മോനിറ്ട്ടരിംഗ് കമ്മിറ്റി ആണുള്ളത്.വാര് ഡ് മെമ്പര് ,പാടശേഖര സമിതി അംഗങ്ങള് ,തൊഴിലാളികള് എന്നിവര് ഈ കമ്മിററിയില് ഉള് പ്പെടുന്നു.ഇപ്പോഴത്തെ വിജിലൻസ് മോണിറ്ററിങ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമായി അല്ല നടക്കുന്നത്

## പരാതി പരിഹാര സംവിധാനം

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടു ഇതു തരത്തിലുണ്ടാകുന്ന പരാതികള് രേഖപ്പെടുത്തുന്നതിനായി പഞ്ചായത്തില് പരാതി രജിസ്റ്റര് സൂക്ഷിച്ചിട്ടുണ്ട്.ഇതോടൊപ്പം ഏതൊരാള് ക്കും ഇത് സംബന്ധിച്ച പരാതികള് രേഖപ്പെടുത്തുന്നതിന് ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ടോള് ഫ്രീ നമ്പര് (1800 425 1004 )ലഭ്യമാക്കിയിട്ടുണ്ട്.

## നിരീക്ഷണങ്ങള്

❖ മേറ്റ്മാരെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്

- പദ്ധതിയുടെ നടത്തിപ്പിന് മേല് നോട്ടം വഹിക്കുന്ന 2മേറ്റുമാരാണ് വാര് ഡില് ഉള്ളത്പ്രതിഭ,ബീന എന്നിവര് . വളരെയധികം കഴിവുറ്റ ആളുകളായാണ് ഇവരെപ്പറ്റി മനസ്സിലാക്കാന് കഴിഞ്ഞത്. ആവശ്യമായ പരിശീലനങ്ങളും പിന്തുണയും നല് കിയാല് ഇവരുടെ സേവനം വാര് ഡിലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് വലിയ മുതല് ക്കൂട്ടായിരിക്കും. തൊഴിലുറപ്പ് നിയമം, പരിസ്ഥിതി സംരക്ഷണം, നീര് ത്തടാതിഷ്ടിത വികസന സമീപനം എന്നിവയില് മേറ്റ്മാര് ക്ക് പ്രാഥമികമായ പരിജ്ഞാനം ഉണ്ടാവുന്നത് വാര് ഡിനെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരമായിരിക്കും.

❖ തൊഴില് കാര് ഡ് പരിശോധന തൊഴിലാളികളുമായി സംസാരിച്ചതില് നിന്നും മനസ്സിലാക്കിയ വസ്തുതകള്

- വാർഡിലെ എല്ലാം തൊഴിലാളികളുടേയും തൊഴിൽ കാർഡ് പരിശോധിച്ചു. തൊഴിൽകാർഡുകളിൽ അവരവരുടെ ഹാജർ,മസ്റ്ററോൾ നമ്പർ,എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്
- എന്നാല് വ്യക്തിഗത ഗുണഭോക്താക്കളുടെ തൊഴില് കാര് ഡ് പരിശോധനയില് നിന്നും മനസ്സിലായത് വീടുകളില് പ്രവര് ത്തി ചെയ്യുന്നതിന് തൊഴില് കാര് ഡ് നിര് ബന്ധമാണ് എന്ന നിബന്ധന ഉള്ളതിനാല് മാത്രമാണ് ഇവർ തൊഴില് കാര് ഡ് എടുക്കുന്നത് എന്നാണ്.പ്രവര് ത്തിയില് ഇവര് പന്കാളികലാകുന്നില്ല.
- പുതിയ തൊഴില് കാര് ഡ് എടുക്കുന്നതിലേയ്ക്കുള്ള ഫോട്ടോയ്ക്ക് ആവശ്യമായ ചെലവ് സ്വന്തം കയ്യില് നിന്നുമാണ് തൊഴിലാളികള് എടത്തിരിയ്ക്കുന്നത്.ഇത്തരത്തില് ഒരു തൊഴിലാളിയ്ക്ക് നൂറു രൂപയോളം ചെലവ് വന്നതായി ശ്രദ്ധയില് പെട്ടിട്ടുണ്ട്.തൊഴില് സംബന്ധിച്ചുള്ള യാതൊരു ചെലവുകള് ക്ക് തൊഴിലാളികള് കാശു മുടക്കേണ്ടതില്ലെന്നു തൊഴിലുറപ്പ് നിയമം അനുശാസിയ്ക്കുന്നുണ്ട്.

❖ പ്രവൃത്തികളുടെതെരഞ്ഞെടുപ്പ്നടപ്പിലാക്കല് സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്

- വാര് ഡില് 33 സജീവ തൊഴിലാളികളാണ് നിലവില് ഉള്ളത് അതിനാല് തന്നെ ഇവർക്ക് ആവശ്യമായ തൊഴിൽ ദിനങ്ങൾ ലഭിക്കാറുണ്ട്.
- ഓരോ പുതിയ പ്രവർത്തി ആരംഭിക്കും പോഴും തലേദിവസം വി.എം.സി അംഗങ്ങളുടെ നേതൃത്വത്തിൽ പദ്ധതി ആരംഭിച്ച മീറ്റിംഗ് ഉത്തരവാദിത്വത്തെ കുറിച്ച് അറിവില്ലെന്നും ആണ് അറിയാൻ കഴിഞ്ഞത്
- പഞ്ചായത്തില് നിന്ന് ലഭ്യമാക്കിയ പണിയായുധങ്ങളും തൊഴിലാളികള് കൊണ്ട് വരുന്ന പണിയായുധങ്ങളുംപ്രവൃത്തി സ്ഥലത്ത് ഉപയോഗിയ്ക്കുന്നുണ്ട്.തൊഴിലാളികള് കൊണ്ട് വരുന്ന ആയുധങ്ങള് ക്ക് 5 രൂപ നിരക്കില് അവര് ക്ക് ആയുധം മൂര് ച്ച കൂട്ടുന്നതിനുള്ള വാടക ലഭിയ്ക്കുന്നുണ്ടെന്നും മനസ്സിലാക്കാന് സാധിച്ചു.
- വാര് ഡിലെ ഓഡിറ്റിംഗ് പ്രക്രിയയ്ക്ക് വിധേയമാക്കിയ പ്രവര് ത്തികളില് അധികവും വ്യക്തിഗത ഗുണഭോക്താക്കള് ക്കളുടെ

വീടുകളില് നടപ്പിലാക്കുന്നപ്രവര്ത്തികള് ആണ് .3ആട്ടിൻകൂട് നിർമ്മാണം,തരിശുഭൂമികൃഷിക്ക് അനുയോജ്യമാക്കൽ ,തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൃഷിക്ക് നിലമൊരുക്കൽ എന്നീ പ്രവര് ത്തികള് മാതൃകാപരവും ഗുണമേന്മ ഉള്ളതുമായ പ്രവര് ത്തികളാണ്.

- വ്യക്തിഗത ആസ്തികള് സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രവര് ത്തനങ്ങളില് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോള് ദുര് ബല വിഭാഗങ്ങള് ക്ക് ഉയര് ന്ന പരിഗണന നല് കിയതായി കാണാന് കഴിയുന്നുണ്ട്. ഇതും നല്ല പ്രവണതയാണ്.

❖ പദ്ധതിപ്രവര് ത്തനങ്ങള് സംബന്ധിച്ച സ്ഥല പരിശോധനയില് മനസ്സിലാക്കാന് കഴിഞ്ഞ കാര്യങ്ങള് .

- വ്യക്തിഗത ഗുണഭോക്താക്കള് വരുന്ന പ്രവൃത്തികള് ക്ക് (ആട്ടിൻ കൂട് നിർമ്മാണം)ഗിരിജഎരകത്ത്,സുനിതതൈക്കൂട്ടത്തിൽ,കാർത്ത്യായനി പൊതുവേ ഉയര് ന്ന ഗുണനിലവാരം കാണാന് കഴിഞ്ഞു. മാത്രമല്ല ഗുണഭോക്തൃവിഹിതംകൂടിചെലവഴിച്ച്ഇത്തരംആസ്തികള് മെച്ചപ്പെടുത്താന് ശ്രമിച്ചിട്ടുണ്ട്.പദ്ധതി സ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. എം ബുക്കിലെ അളവും സ്ഥലത്തെ അളവും തുല്യമാണ്

- തൊഴിലുറപ്പ് തൊഴിലാളികളുടെ കൃഷിക്ക് നിലമൊരുക്കൽ (LD/320359) ഈ സ്ഥലം ഇപ്പോൾ കൃഷിക്ക് അനുയോജ്യമല്ല ഈ പദ്ധതി 2 സ്ഥലത്താണ് നടത്തിയിരിക്കുന്നത്എം ബുക്കിൽ കാണിച്ച് മെഷർമെൻറ് സ്ഥലത്തെ മെഷർമെൻറ് തുല്യമാണ്

❖ പ്രവര് ത്തികളുടെ ഗുണമേന്മ സംബന്ധിച്ചുള്ള നിരീക്ഷണങ്ങള്

എസ്റ്റിമേറ്റില് പറയും വിധമാണ് പ്രവർത്തികൾ നടന്നിരിക്കുന്നത് പ്രവര് ത്തിയില് ഭുവുടമയുടെ ആവശ്യപ്രകാരം ആവശ്യമായ പ്രവര് ത്തികള് ചെയ്തു കൊടുക്കുന്ന രീതിയാണ് നടന്നിരിയ്ക്കുന്നത്.അതിനാല് പ്രവര് ത്തികള് ക്ക് ഉയര് ന്ന ഗുണനിലവാരം കാണാന് കഴിഞ്ഞിട്ടില്ല .ഇതിനു വേണ്ടി തൊഴിലാളികള് കഠിനാധ്വാനം ചെയ്യുന്നതും കാണാന് കഴിഞ്ഞു. എസ്റ്റിമേറ്റ് പ്രകാരം ഭൂമി വികസനപ്രവർത്തനങ്ങളിൽ ( തൊഴിലുറപ്പ് തൊഴിലാളികളുടെ കൃഷിക്ക് നിലമൊരുക്കൽ)നല്ല വിളവ് ലഭിച്ചതായി തൊഴിലാളികൾ അഭിപ്രായപ്പെട്ടു

❖ മെറ്റീരിയൽ വർക്ക് സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

എല്ലാ വർക്കുകളിലും സാധന ഘടകം എസ്റ്റിമേറ്റ് പ്രകാരം ഉണ്ട്.എന്നാൽ പ്രോക്യുർമെൻ്റ് കമ്മറ്റികളെ ഒരു ഫയലിൽ പോലും കാണാൻ കഴിഞ്ഞില്ല.സാധന ഘടകങ്ങള് ക്കു ക്വോട്ടെഷന് വിളിച്ചതിന്റെയും ടെണ്ടര് അനുവദിച്ചു കൊണ്ടുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന്റെ രേഖകള് എന്നിവ വര് ക്ക് ഫയലില് കാണുവാന് സാധിച്ചില്ല.

❖ സംയോജിത പദ്ധതികൾ സംബന്ധിച്ച നിരീക്ഷണങ്ങൾ

രേഖകൾ പ്രകാരം സംയോജിത പദ്ധതികൾ സോഷ്യൽ ഓഡിറ്റ് കാലയളവിൽ വിരളമായേ കാണുകയുണ്ടായിട്ടുള്ളു.

പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ അഭിപ്രായങ്ങൾ/നിരീക്ഷണങ്ങൾ

50 വയസ്സു കഴിഞ്ഞ വരെയും വൃദ്ധരായ തൊഴിലാളികളെയും പരിഗണിച്ചുകൊണ്ടുള്ള ഒരു തൊഴിൽ രീതിയാവണം  നടപ്പാക്കേണ്ടത്

ബണ്ട്,തടയണ, എന്നിവ പോലുള്ള പ്രവർത്തനങ്ങൾ മാർച്ച് മാസത്തിൽ മുൻപായി നൽകുകയാണെങ്കിൽ ഒരുപാട് പേർക്ക് കൂടുതൽ  തൊഴിൽ ദിവസങ്ങൾ ലഭിക്കും

വാർഡിൽ പരമ്പരാഗത ജലസ്രോതസ്സുകൾ ധാരാളമായിട്ടുണ്ട് അവയുടെ

സ്ഥായിയായ സംരക്ഷണം ,വേനൽകാലത്ത് കുടിവെള്ള ക്ഷാമം കുറക്കുന്നതിനും കൃഷിക്കും വളരെയധികം ഉപയോഗപ്രദമാകും

**ഓഡിറ്റ് ടീം**

1. ബിനി ചന്ദ്രൻ. പി
2. രജിത എം. വി
3. അരുൺ  വി .പി
4. ദൃശ്യ  കെ. പി (വി .അർ .പി വില്ലേജ് റിസോഴ്സ് പേഴ്സൺ പൊന്നാനി താലൂക്ക്)

**<u>തീരുമാനങ്ങൾ</u>**

- ജനകീയ എസ്റ്റിമേറ്റ് മലയാളത്തിലാക്കണം
- അപകടം സംഭവിച്ചാൽ സൈറ്റ ഡയറിയിൽ രേഖപ്പെടുത്തണം
- തൊഴിലാളികൾക്കുള്ള  ബൂട്ട്,ഗ്ലൌസ്,ടാർപ്പോളീൻ ഷീറ്റ് എന്നിവ എത്തിച്ചു നൽകണം എന്ന് തീരുമാനിച്ചു.
- പ്രവർത്തി തുടങ്ങുന്നതിന് മുന്നേ പ്രവർത്തി ആരംഭമീറ്റിംങ് നടത്തണമെന്ന് തീരുമാനിച്ചു.
- പ്രഥമശുശ്രൂഷകിറ്റ് അനുവബദിക്കണം.